## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 251   23.01.2018-ലെ മറുപടിയ്ക്ക്

## വികസന പദ്ധതികൾ

**ചോദ്യം**   **മറുപടി**

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.എം.രാജഗോപാലൻ
ശ്രീ.വി.അബ്ദുറഹിമാൻ

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നടത്തിപ്പ്-മേൽനോട്ട സംവിധാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പദ്ധതികളുടേയും നടത്തിപ്പ് പുരോഗതി അവലോകനം വകുപ്പ് തലത്തിൽ സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു. കൂടാതെ പ്ലാനിംഗ് ബോർഡ് പ്ലാൻ സ്പേസ് എന്ന ഓൺലൈൻ സാങ്കേതിക സംവിധാനത്തിലൂടെ ഓരോ പദ്ധതികളുടെയും ഭൗതിക, ചെലവ് പുരോഗതി നിരീക്ഷിക്കുകയും, ഇതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട മന്ത്രിമാരെ അറിയിക്കുകയും ചെയ്യുന്നു. കൂടാതെ ചീഫ് സെക്രട്ടറി തലത്തിൽ ഓരോ മാസവും വകുപ്പ് സെക്രട്ടറി മാരുടെ യോഗത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്. ഇതിനു പുറമേ മന്ത്രി തലത്തിലും കൂടാതെ മുഖ്യമന്ത്രി എല്ലാ മൂന്നുമാസം കൂടുമ്പോഴും വകുപ്പുകളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) | ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷ, ഉപയോഗാവകാശം എന്നിവ സംബന്ധിച്ച തെറ്റിദ്ധാരണ ഒഴിവാക്കി പദ്ധതി തടസ്സമില്ലാതെ മുമ്പോട്ടു | (ബി) | 1962 ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഗെയിൽ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതും പൈപ്പ് ലൈൻ കടന്നു |

| | | | |
|---|---|---|---|
| | കൊണ്ടുപോകുവാൻ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | പോകുന്ന റൂട്ടിലുള്ള ജനങ്ങളുമായി പല വേദികളിൽ വെച്ച് ബന്ധപ്പെടുകയും ആശങ്കകൾ ദൂരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി ജനവാസ മേഖലയിലൂടെ കടന്നുപോകുന്നതുകൊണ്ട് സുരക്ഷയെ സംബന്ധിച്ച് യാതൊരു രീതിയിലുള്ള ആശങ്കയുടേയും ആവശ്യമില്ല. ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾ തോറും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഗെയിൽ പൈപ്പ് ലൈൻ സംബന്ധിച്ചുള്ള ബുക്ക് ലെറ്റ് വിതരണം ചെയ്തിട്ടുള്ളതും ആയതിന്മേലുള്ള സംശയങ്ങൾ പറഞ്ഞ് കൊടുക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തിരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേനയ്ക്ക് രൂപം കൊടുത്തു. ഈ കർമ്മസേനയ്ക്ക് ഗ്യാസ് പൈപ്പ് ലൈനിനെക്കുറിച്ചും, പി & എം പി ആക്ടിനെക്കുറിച്ചും, ഭൂമിക്ക് നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയും, ഈ പോലീസ് കർമ്മ സേനയെ 5 വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളെ വിജയകരമായി ബോധവൽക്കരിച്ചു കൊണ്ടിരിക്കുകയാണ് കർമ്മ സേനയുടെ സേവനം വലിയൊരളവു വരെ ജനങ്ങൾക്കിടയിൽ വിശ്വാസ്യത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്.<br>കൂടാതെ ബഹു.വ്യവസായമന്ത്രി, ബഹു.മുഖ്യമന്ത്രി എന്നിവരുടെ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതിയിൽ ചേർന്ന യോഗ തീരുമാനപ്രകാരം, ഉപയോഗാവകാശ ഭൂമിയുടെ നഷ്ടപരിഹാരം ന്യായ വിലയുടെ 50 ശതമാനത്തിൽ നിന്നും 100 ശതമാനമായി വർദ്ധിപ്പിക്കുകയും ജില്ലയിൽ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ, പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി നഷ്ടപരിഹാരം നൽകുകയും കൂടാതെ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പ്രകാരം ഭൂമിയുടെ നഷ്ടപരിഹാരത്തിനു പുറമെ നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരത്തിന് സെന്റ് ഒന്നിന് 3761 രൂപ വെച്ച് അധികം നൽകുകയും ചെയ്തതിനാൽ ജനങ്ങളുടെ എതിർപ്പുകൾ ഗണ്യമായി കുറയുകയും നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ പണി പൂർത്തിയാക്കുവാൻ സാധിക്കുന്നതുമാണ്. |
| (സി) | വികസന പദ്ധതികളുടെ നിർവ്വഹണത്തിൽ ജനങ്ങളുടെ കൂടി പങ്കാളിത്തം ഉറപ്പു വരുത്താൻ നടപടിയെടുക്കുമോ? | (സി) | പൊതുജനസഹകരണത്തോടെ വികസന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ